കമ്പ്യൂട്ടർവൽക്കരണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഈ സ്ഥാപനവുമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. എന്നാൽ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡിന്റെ സഹകരണത്തോടെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതോടുകൂടി ഈ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കപ്പെടുന്നതാണ്. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുക, അവ പരിപാലിക്കുക, കൺസ്യൂമർ ബിൽസ്, സ്റ്റേഷനറി എന്നിവ യഥാസമയം ലഭ്യമാക്കുക എന്നിവ ടി കമ്പനിയുടെ ഉത്തരവാദിത്വം ആയിരിക്കും. കൂടാതെ ഏതെങ്കിലും കാരണവശാൽ ഏതെങ്കിലും ഉപകരണം പ്രവർത്തിക്കാതെ വന്നാൽ ടി കമ്പനി പിഴയൊടുക്കണമെന്ന നിബന്ധനയും കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇരുചക്രവാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി

79 [3593] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരുചക്രവാഹന അപകടങ്ങൾ വർദ്ധിക്കുന്നതിന് മുഖ്യകാരണമായ വേഗത നിയന്ത്രിക്കുന്നതിനുവേണ്ടി ഇരുചക്രവാഹന നിർമ്മാണവേളയിൽത്തന്നെ എൻജിനുകളിൽ അനുയോജ്യമായ മാറ്റം വരുത്തുന്നതിനുവേണ്ട നിർദ്ദേശം ഇരുചക്രവാഹനനിർമ്മാണ കമ്പനികൾക്ക് നൽകുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

വാഹന നിർമ്മാതാക്കൾക്ക് നിർദ്ദേശം നൽകുന്നതിനുള്ള അധികാരം കേരള സർക്കാരിനില്ല.

ശ്രീകുമാരൻ തമ്പി എന്ന എംപാനൽ കണ്ടക്ടറെ തിരിച്ചെടുക്കാൻ നടപടി

80 [3594] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകുമാരൻ തമ്പി എന്ന എംപാനൽ കണ്ടക്ടറെ പിരിച്ചുവിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തായിരുന്നു കാരണം എന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly